# പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4858** 27/10/2016 -ൽ മറുപടിയ്ക്ക്

## അംഗീകാരമില്ലാത്ത സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന എട്ട്, ഒമ്പത് ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് പൊതു വിദ്യാലയത്തിൽ പ്രവേശനം നൽകാൻ ഉത്തരവുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) അദ്ധ്യയന വർഷം തുടങ്ങി മൂന്നു മാസം പിന്നിട്ടതിനാൽ അപ്രകാരം പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഹാജർ കുറവിന്റെ പ്രശ്നം ഉണ്ടാകുമോ; | (ബി) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം VII റൂൾ 9(2) പ്രകാരം 40% വരെയുള്ള ഹാജർ കുറവ് മാപ്പാക്കാനുള്ള അധികാരം വിദ്യാഭ്യാസ ഓഫീസർക്കുണ്ട്. ഈ വർഷം അതിൽ കൂടുതൽ കാലയളവ് മാപ്പാക്കേണ്ടിവന്നാൽ സർക്കാരിൽ ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രത്യേക കേസായി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) പ്രസ്തുത കാലയളവിൽ നഷ്ടപ്പെട്ട ക്ലാസ്സുകൾ നികത്തുവാൻ സ്കൂൾ തലത്തിൽ സംവിധാനം ചെയ്യുമോ; വിശദാംശങ്ങൾ നൽകുമോ; | (സി) അംഗീകാരമില്ലാത്തതാണെങ്കിലും മറ്റൊരു സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നവർ ആയതിനാൽ ഇത്തരം കുട്ടികൾക്ക് തുടർപഠനം ഒരു പ്രശ്നമാകാറില്ല. |
| (ഡി) ഇത് സംബന്ധിച്ച് ഇപ്പോൾ ഇറക്കിയ ഉത്തരവ് ഈ അദ്ധ്യയന വർഷത്തേക്ക് മാത്രം ബാധകമായിട്ടുള്ളതാണോ? | (ഡി) അതെ. 2016-17 അദ്ധ്യയന വർഷത്തേക്ക് മാത്രമുള്ളതാണ് പ്രസ്തുത ഉത്തരവ്. |

Sreedevi

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - അംഗീകാരമില്ലാത്ത സ്കൂളുകളിൽ 8, 9 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അംഗീകാരമുള്ള സ്കൂളുകളിലെ 9, 10 എന്നീ ക്ലാസ്സുകളിൽ പ്രവേശനം സാധ്യമാകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

ജി.ഒ.(ആർ.റ്റി) നം. 2729/2016/പൊ.വി.വ. തീയതി, തിരുവനന്തപുരം, 20/08/2016.

================================================================================

പരാമർശം : പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/04/2016 - ലെ എച്ച്1/10381/2016/ ഡി.പി.ഐ നം കത്ത്.

## ഉത്തരവ്

സർക്കാർ അംഗീകാരമില്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ തുടർപഠനം മുടങ്ങുന്ന സാഹചര്യം നിലനിൽക്കുന്നു എന്നും, ഇത്തരം സ്കൂളുകൾക്ക് പരീക്ഷ നടത്തുവാനും വിടുതൽ സർട്ടിഫിക്കറ്റ് നല്കുന്നതിനും അധികാരമില്ലാത്തതിനാൽ കുട്ടികളുടെ തുടർപഠനം സാധ്യമാകണമെന്നഭ്യർത്ഥിച്ച് ധാരാളം നിവേദനങ്ങൾ ലഭിക്കുന്നുണ്ടെന്നും അതിനാൽ അംഗീകാരമില്ലാത്ത സ്കൂളുകളിൽ 8, 9 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് തുടർ പഠനം സാധ്യമാക്കുന്നതിനായി വയസ്സ് അടിസ്ഥാനമാക്കി സ്കൂൾ തലത്തിൽ മുൻ ക്ലാസ്സിലെ പരീക്ഷയെഴുതിച്ച് പ്രവേശനം നൽകാവുന്നതാണെന്നും പൊതുവിദ്യാഭ്യാസഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അംഗീകാരമില്ലാത്ത സ്കൂളുകളിൽ 8, 9 എന്നീ ക്ലാസ്സുകളിൽ പഠിച്ചിരുന്ന, അംഗീകാരമുള്ള സ്കൂളിലെ 9, 10 എന്നീ ക്ലാസ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന, കുട്ടികളുടെ തുടർപഠനം സാധ്യമാക്കുന്നതിനായി സ്കൂൾ തലത്തിൽ ഒരു പ്രവേശന പരീക്ഷ ഈ ഒരു അദ്ധ്യയന വർഷത്തേയ്ക്കു മാത്രം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ. കുമാർ
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ഡെപ്യൂട്ടിഡയറക്ടർമാർക്കും

എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും (ഡി.പി. ഐ മുഖാന്തിരം)

പൊതുവിദ്യാഭ്യാസ(ജെ) വകുപ്പ്(J1/2/2016/GE നമ്പർ അനൗദ്യോഗിക ഫയൽ പ്രകാരം)

ഡയറക്ടർ, ഐ.റ്റി@സ്കൂൾ (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sreedevi

സെക്ഷൻ ഓഫീസർ

Sreedevi
S.O